**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** **30-06-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണെണ്ണ വില വർദ്ധനവും മത്സ്യ ലഭ്യതയുടെ കുറവും കാരണം നിരവധി ബോട്ടുടമകളും തൊഴിലാളികളും കടക്കെണിയിൽ അകപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മണ്ണെണ്ണയുടെ വില വർദ്ധനവ് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നിലവിൽ പൊതു വിപണിയിൽ മണ്ണെണ്ണക്ക് ലിറ്ററിന് 137 രൂപയും സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന Non subsidised PDS മണ്ണെണ്ണയ്ക്ക് 86.69 രൂപയുമാണ് വില. തന്മൂലം മത്സ്യബന്ധന ചെലവ് വർദ്ധിച്ചതിനാൽ ആയത് മത്സ്യത്തൊഴിലാളികളെ സാമ്പത്തിക ഞെരുക്കത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നുണ്ട്. എന്നാൽ 2021-22 വർഷം കടൽ മത്സ്യലഭ്യതയിൽ നേരിയ പുരോഗതി കൈവരിക്കുകയും മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മണ്ണെണ്ണ വില വർദ്ധന കാരണം തൊഴിലില്ലാതെ കഷ്ടപ്പെടുന്ന തീരദേശ മേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡ് മുഖേന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇന്ധന ക്ഷമത അടിസ്ഥാനമാക്കി നിശ്ചിത അളവ് മണ്ണെണ്ണ അനുവദിച്ചു വരുന്നു. ഇതിനു പുറമേ സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച അളവിൽ മത്സ്യത്തൊഴിലാളി കൾക്ക് അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു വരികയാണ്. |
| (സി) | സംസ്ഥാനത്ത് മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാന സർക്കാർ ധനസഹായത്താൽ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് മത്സ്യഫെഡ് മുഖേന, വെള്ള മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡിയിൽ വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ 10 HP വരെ 140 ലിറ്ററും 10 HP മുതൽ 15 HP വരെ 150 ലിറ്ററും 15 HP ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണയാണ് പ്രതിമാസം സബ്സിഡി നിരക്കിൽ അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് DBT ആയാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ